2. പ്രാഥമിക തലത്തിൽ പൊതുവേ കാണുന്ന കൊഴിഞ്ഞുപോക്കിന്റെ നിരക്ക് പത്തുശതമാനത്തിന് താഴെയാക്കുക.

3. ശരാശരി പഠനനേട്ടം, പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയതിനേക്കാൾ 25% എങ്കിലും വർദ്ധിപ്പിക്കുക.

4. എല്ലാ കുട്ടികൾക്കും ദേശീയ നിലവാരത്തിനനുസരണമായി പ്രാഥമിക വിദ്യാഭ്യാസത്തിനും അഥവാ അതിന് സമാനമായി അനൗപചാരിക വിദ്യാഭ്യാസത്തിനുമുള്ള അവസരം ഉണ്ടാക്കുക.

കൂടാതെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ക്ലാസ്മുറികൾ നിർമ്മിക്കുക, ഇടഭിത്തി നിർമ്മിക്കുക, ടോയ്ലെറ്റുകൾ നിർമ്മിക്കുക, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു കൊടുക്കുക, കുടിവെള്ള സൗകര്യം ഒരുക്കുക തുടങ്ങി ഒട്ടനവധി പ്രവർത്തനങ്ങളും നടന്നുവരുന്നു.

48 (2426) ഒറ്റയ്ക്കൽ ഗവൺമെന്റ് വെൽഫെയർ യു.പി. സ്കൂൾ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഒറ്റയ്ക്കൽ ഗവ.വെൽഫെയർ യു.പി. സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്കൂളിൽ എത്ര അദ്ധ്യാപകരുടെ തസ്തികകൾ നിലവിലുണ്ട്; എത്ര തസ്തികകളിൽ ഒഴിവുണ്ട്; ഇതിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു;

(സി) ഈ സ്കൂളിൽ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്;

(ഇ) ഇതുസംബന്ധമായി വന്ന പരാതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഹെഡ്മാസ്റ്റർ ഉൾപ്പെടെ മൂന്ന് അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

(ബി) ആറ് അദ്ധ്യാപകരുടെ തസ്തികകൾ നിലവിലുണ്ട്. ഇതിൽ മൂന്ന് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(സി) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 150 വിദ്യാർത്ഥികൾ.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly